# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4622 — 28.6.2013-ൽ മറുപടിക്ക്

### തൊഴിലില്ലായ്മ വേതനത്തിനുള്ള നടപടിക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം അനുവദിച്ചു കിട്ടുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ; എവിടെയാണ് അപേക്ഷ നൽകേണ്ടത് ; | എ) തൊഴിലില്ലായ്മ വേതനം അനുവദിച്ചു കിട്ടുന്നതിനായി അപേക്ഷകൻ നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം അവസാനമായി പഠിച്ച വിദ്യാഭ്യാസ സ്ഥാപനത്തിലെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, റേഷൻകാർഡ്, എസ്.എൽ.എൽ.സി ബുക്ക്, എംപ്ലോയ്മെന്റ് കാർഡ് എന്നിവയുടെ 2 പകർപ്പ് ഉള്ളടക്കം ചെയ്യണം. അപേക്ഷ നഗരസഭയിൽ ലഭിക്കുന്ന മുറയ്ക്ക് റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്മേൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനയക്കുകയും തൊഴിൽരഹിത വേതനം അനുവദിക്കുന്നതിനുള്ള കമ്മിറ്റിയുടെ/ കൗൺസിൽ തീരുമാനപ്രകാരം അർഹരായവരുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള അപേക്ഷ പരിശോധിച്ച് അർഹതയുള്ളവരുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും നഗരസഭയ്ക്ക് അയച്ചു തരുന്നു. ആ ലിസ്റ്റ് പ്രകാരം അർഹതയുള്ളവർക്കാണ് തൊഴിൽരഹിത വേതനം അനുവദിക്കുന്നത്. അതാത് നഗരസഭകളിലാണ് തൊഴിൽരഹിത വേതനത്തിനുള്ള അപേക്ഷ നൽകേണ്ടത്. |
| ബി) നഗരസഭകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സേവനാവകാശനിയമ പ്രകാരം സമയപരിധി നിശ്ചയിക്കുമോ ; | ബി) ഉണ്ട്. നഗരകാര്യ ഡയറക്ടറുടെ 27/4/2013ലെ ജി3-11252/2012-ാം നമ്പർ സേവനാവകാശനിയമം സംബന്ധിച്ച വിജ്ഞാപനപ്രകാരം തൊഴിൽരഹിത വേതനത്തിനുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയപരിധി 60 പ്രവൃത്തി ദിവസമാക്കി നിശ്ചയിച്ചിട്ടുണ്ട്. |
| സി) തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നുള്ള എത്ര അപേക്ഷകൾ തീരുമാനമാകാതെ നിലവിലുണ്ട് ; | സി) തിരുവനന്തപുരം കോർപ്പറേഷനിൽ തൊഴിലില്ലായ്മ വേതനത്തിനുള്ള 73 അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുവാനുണ്ട്. |
| ഡി) സമയപരിധിക്കുള്ളിൽ ഇവ തീർപ്പാക്കാൻ കർശന നടപടി സ്വീകരിക്കുമോ? | ഡി) അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ